For Private Circulation Only

September 2026

ആഗമനധ്വനി

HOLY BIBLE

Vol.73 | "യേശു അവനോട്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" (യോഹ. 14:8) | No.9

ക്രിസ്തു ജീവനുള്ള വഴി

By **A.B. Simpson**

"അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക. പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനല്ലോ. ചിലർ ചെയ്യുന്നതുപോലെ സഭാ യോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ". (എബ്രാ. 10:19-24).

ഈ ഉന്നതമായ വചനങ്ങൾ അഞ്ച് കാര്യങ്ങൾ നമ്മോട് പറയുന്നു. രണ്ട് കാര്യങ്ങൾ നമുക്കുണ്ട്. മൂന്ന് കാര്യങ്ങൾ നാം ചെയ്യുവാനുള്ളതാണ്.

നമുക്കുള്ള രണ്ട് കാര്യങ്ങൾ

1) യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്ക് പ്രവേശനത്തിനുള്ള ധൈര്യം നമുക്കുണ്ട്. പുരാതനമായ സമാഗമന കൂടാരം മാതൃകയായി നമുക്കുണ്ട്. ക്രിസ്തുവും ക്രിസ്തീയ ജീവിതവും ദൈവത്തിന്റെ പൂർണ്ണ മാതൃകയാണ്. വാതിൽ കടന്ന് പ്രാകാരത്തിലേക്ക് പ്രവേശിക്കുമ്പോൾ, യാഗപീഠത്തിന്റെ അരികിലേക്കും ശുദ്ധീകരണത്തിനുള്ള പാത്രത്തിന്റെ അരികിലേക്കും എത്തുന്നു, ക്രിസ്തു വിന്റെ പാപപരിഹാര പ്രവൃത്തിയെ ഇത് കാണിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശുദ്ധീകരണ വേലയേയും ഇത് കാണിക്കുന്നു. വിശുദ്ധ സ്ഥലത്തിലേക്ക് പ്രവേശിക്കാകുന്ന വാതിലും കടന്നു പോകുന്നു, നിലവിളക്കും, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം, പരിശുദ്ധാത്മാവിന്റെ അടയാളമായി, ജീവന്റെ അപ്പമായ യേശുക്രിസ്തു, അതിപരിശുദ്ധസ്ഥലത്തെ പരിശുദ്ധനായവന്റെ കർത്താവായ യേശുവിലൂടെയുള്ള കൂട്ടായ്മയുടെയും ആകുന്നു. അതിപരിശുദ്ധസ്ഥലം സാത്താന്യ ശക്തികളുമായി വേർപെട്ട് ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ സ്വന്ത പാപങ്ങൾക്കുവേണ്ടി യാഗമർപ്പിച്ച ശേഷം അതിൽ പ്രവേശിക്കുന്നു.

എല്ലാ പ്രതിരൂപങ്ങളും സ്ഥാപിതമായത് തിരുവചനത്താലാണ്. ഡീൻ ആൽഫോർഡ് ഇതിനെ പരിഭാഷപ്പെടുത്തുന്നത് ഇപ്രകാരമാണ്, വിശുദ്ധസ്ഥലം സമാഗമനകൂടാരത്തിന്റെ എല്ലാ ഭാഗങ്ങളും ഇതിൽപ്പെടുന്നു, പ്രാകാരം ഉൾപ്പെടെ, അതിപരിശുദ്ധ സ്ഥലവും ഇതിൽ പെടുന്നു. ക്രിസ്തുവിലുള്ള എല്ലാ നിറവുകളും ഇതിൽ പെടുന്നു. ക്രിസ്തുവിലുള്ള സ്വർഗ്ഗസ്ഥലങ്ങളിലുള്ള വാസ,വും ഇതിൽ പെടുന്നു, എഫെസ്യ ലേഖനത്തിൽ അപ്പോസ്തലൻ ഇത് പ്രതിപാദിക്കുന്നുണ്ട്. പ്രത്യേകിച്ചു, എങ്ങനെയെന്നാൽ, ഇത് സമാഗമന കൂടാരത്തിന്റെ ഉൾഭാഗത്തെ പ്രതിപാദിക്കുന്നു, അത് നമ്മുടെ പൂർണ്ണമയതടസമില്ലാത്ത ദൈവത്തിന്റെ നിറവുകളെ കാണിക്കുന്നു.

മൂവായിരം വർഷങ്ങൾക്കു മുമ്പ് നിങ്ങൾ ഈ സമാഗമന കൂടാരത്തിൽ നിന്നിട്ടുണ്ടോ, അതിൽ പണിതിരിക്കുന്ന ചിത്ര വേലകൾ വിവിധ ആത്മിക മർമ്മങ്ങളെ ചിത്രീകരിക്കുന്ന വേലകൾ നിങ്ങൾ കണ്ടിട്ടുണ്ടോ: അവ യഹൂദമതത്തെയും അതിലെ സാദൃശ്യങ്ങളെയും ചിത്രീകരിക്കുന്നു. സ്വർഗ്ഗ രാജ്യത്തിന്റെ പൂർണ്ണമായ ഒരു വെളിപ്പാട് ഇതിൽ കാണാം, അവയെ മുമ്പു കൂട്ടി ഇതിൽ വെളിപ്പടുത്തിയിരിക്കുന്നു. ആ സമാഗമന കൂടാരത്തിൽ നിങ്ങൾ നിന്നിട്ടുണ്ടോ, എന്നിരുന്നാലും, ആ പാപ പരിഹാര ദിവസം, ഒരു മനുഷ്യനെ നിങ്ങൾ കാണും, പൗരോഹിത്യ വസ്ത്രം അണിഞ്ഞവനായി കടന്നു പോകുന്ന ആ കാഴ്ച യാഗരക്തവും ഈ സോപ്പുമായി കടന്നു വരും. പ്രാകാരത്തിൽ കാത്തു നിൽക്കുന്ന ജനത്തിന്റെ പാപപരിഹാരത്തിനുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു, അതിനുശേഷം അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ നിന്നും അദ്ദേഹം ഇറങ്ങുന്നു, ഒരു വർഷത്തേയ്ക്ക് പിന്നെ അവൻ അവിടേക്ക് പ്രവേശിക്കേണ്ടതില്ല.

എല്ലാറ്റിന്റെയും അക്ഷരികമായ നിറവേറൽ ആ ദിവസത്തിൽ സംഭവിക്കുന്നു, പുറത്ത് യരുശലേമിന്റെ കിഴക്കേ വാതിൽക്കൽ, ദൈവപുത്രൻ കാൽവറിയിൽ മരിച്ച്. നമുക്കുവേണ്ടി പരമയാഗമായി തീർന്നു. മനുഷ്യർക്കാർക്കും എത്തിപ്പിടിക്കുവാൻ കഴിയാത്ത ആ തിരശ്ശീല മേൽ തൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി, പാപിയായ മനുഷ്യന് പരിശുദ്ധനായ ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുവാനുള്ള വഴി അവനുവേണ്ടി തുറക്കപ്പെട്ടു.

പൂർണ്ണമായ പാപക്ഷമയ്ക്കും പാപപരിഹാരത്തിനുമായി ആ പുതുവഴി നമുക്കും വേണ്ടി തുറക്കപ്പെട്ടു, പരിശുദ്ധാത്മാവിന്റെ പുതുക്കത്തിൽ നിന്നും നമ്മുടെ ശുദ്ധീകരണത്തിനും വേണ്ടി ഒരുക്കപ്പെട്ട പിച്ചളത്തൊട്ടി, പരിശുദ്ധാത്മാവിന്റെ വെളിച്ചം പകരുന്ന പഠിപ്പിക്കലും ആകുന്ന കവരവിളക്കും. നമ്മുടെ ആത്മികവും, ശാരീരികവുമായ പോഷണത്തിനുള്ള ജീവന്റെ അപ്പത്തെ കാണിക്കുന്ന കാഴ്ചയപ്പ

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ക്രിസ്തു ജീവനുള്ള വഴി

ത്തിന്റെ മേശയും ക്രിസ്തുവിന്റെ നമുക്കുവേണ്ടിയുള്ള സ്ഥിരമായ മദ്ധ്യസ്ഥതയെയും ദൈവവുമായുള്ള സ്ഥിരമായ കൂട്ടായ്മയെയും കാണിക്കുന്ന ധൂപപീഠവും വച്ചിരിക്കുന്നു.

നിയമത്തിന്റെ പെട്ടകം, ദൈവത്തിന്റെ വിശുദ്ധനിയമം കാക്കുകുകയും സംരക്ഷിക്കയും ചെയ്യുന്നു, അത് നമ്മുടെ അംഗീകരണത്തിനായി തളിക്കുന്നത് കാണിക്കുന്നത് എപ്പോഴുമുള്ള നമ്മുടെ അംഗീകാരത്തെ കാണിക്കുന്നു. നാം അവിടുത്തെ ഷെഖേനയുടെ സാന്നിദ്ധ്യത്തിൽ നടക്കുകയും, തന്റെ വെളിച്ചത്തിൽ നടക്കുകയും അവിടുത്തെ സ്നേഹത്തിന്റെ മടിത്തട്ടിൽ വസിക്കയും ചെയ്യുന്നു. പ്രത്യാശയില്ലാത്തവരായിട്ടല്ല നാം നടക്കുന്നത്, എന്നാൽ ധൈര്യത്തോടെ നാം പ്രയോജനമില്ലാത്തവരാണെന്ന് നുക്ക് അറിയാം, എന്നാൽ വീണ്ടെടുപ്പിന്റെ എല്ലാ അവകാശങ്ങളുമായിട്ടാണ് നമ്മെ വിലകൊടുത്തു വാങ്ങിയിരിക്കുന്നത്, നാം ഭയമോ സംശയമോ ഇല്ലാതവണ്ണം പൂർണ്ണ അവകാശത്തോടെയാണ് നടക്കുന്നത്. യേശുവിന്റെ രക്തത്താൽ നമുക്ക് ഈ ധൈര്യം വന്നിരിക്കുന്നു. യേശുക്രിസ്തുവിലുള്ള ധൈര്യത്തോടെ നമുക്കു നടക്കം. നാം യോഗ്യത ഇല്ലാത്തവരായിരുന്നു, എന്നാൽ തന്റെ തൃപ്തിയാൽ എല്ലാറ്റെയും മൂടിയിരിക്കുന്നു. നാം നമുക്കുള്ളവരായിരിപ്പാൻ കഴികയില്ല, അവിടുന്നു നമ്മുടെ ജീവനുള്ള പുതുവഴിയായിത്തീർന്നു. നാം അതിനെ നിഷേധിക്കാൻ പാടില്ല. എന്നാൽ അവിടുന്ന് തന്റെ പ്രിയപുത്രന്റെ മരണത്താൽ തിരശ്ശീല മേൽ തൊട്ട് അടിയോളം ചീന്തി എല്ലാ അവകാശങ്ങളും നമുക്കായി വെളിപ്പെടുത്തിയിരിക്കുന്നു.

തന്റെ ശരീരത്തിൽ മാനവജാതിയും ആകമാന പാപത്തെ വഹിച്ചു, എല്ലാ പാദങ്ങളും അവിടുന്ന് സ്വന്ത ശരീരത്തിൽ നമുക്കു വേണ്ടി വഹിച്ചു, ന്യായപ്രമാണത്തിന്റെ കണ്ണുകളിൽ അവിടുന്ന് ഒരു സമ്പൂർണ്ണ പാപിയായി വിളങ്ങി. ആ ശരീരം നമുക്കു ദൈവത്തിനും ഇടയിൽ നിന്നു; അതുകൊണ്ട് അവിടുന്ന് നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കേണ്ടി വന്നു. യേശുവിന്റെ ശരീരം കാൽവറി ക്രൂശിൽ നമുക്കുവേണ്ടി മരിച്ചപ്പോൾ, നാം മരിക്കേണ്ടിയിരുന്ന സ്ഥാനത്ത് നമുക്കു പകരമായി നമ്മുടെ പാപത്തിന്റെ ഭാരമെല്ലാം പെട്ടെന്ന് നീക്കി നമുക്കുവേണ്ടി വഴി തുറക്കപ്പെട്ടു.

ഇതു ആഴമായ ആത്മിക അനുഭവം നമുക്കുവേണ്ടി

(ശേഷം 3-ാംപേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **7594866519, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,
യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

" ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുന്നു എന്ന് നീ മനസ്സിൽ ധ്യാനിച്ചു കൊള്ളേളണം. ആകയാൽ നിന്റെദൈവമായ യഹോവയുടെ വഴികളിൽ നടന്ന് അവനെ ഭയപ്പെട്ട് അവന്റെ കല്പനകൾ പ്രമാണിക്കേണം. നിന്റെ ദൈവമായ യഹോവ നല്ലൊരു ദേശത്തേല്ലോ നിന്നെ കൊണ്ടു പോകുന്നത്. അത് താഴ്വരയിൽ നിന്നും മലയിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും അത്തിവൃക്ഷവും മാതള നാരകവും ഉള്ള ദേശം " (ആവർത്തനം. 8:5-8)

2026 ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നു പോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

സന്തോഷകരമായ ഒരു കുടുംബ ജീവിതം പടുത്തുകയർത്തുക. ഈ ലോകത്തിൽ ജീവിക്കുന്ന നാം എല്ലാവരും വലിയവനായ ദൈവത്തെ ആരാധിക്കുന്നുവെങ്കിൽ അത് എത്ര വലിയ ഭാഗ്യമാണ്. നമ്മുടെ സകല ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരമാണ് യഹോവ തന്നെ ആശ്രയമായിരിക്കുക എന്നത്. കടുത്ത ദു:ഖത്തിലും വേദനയിലും പ്രതിസന്ധിയിലും നമ്മെ കൈവിടാത്ത ഒരു ദൈവമാണ് നമുക്കുള്ളത്.

കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ നമുക്കു കഴിയും. ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കായും നാം ദൈവസന്നിധിയിൽ നന്ദിയർപ്പിക്കുക. ജീവിതത്തിന്റെ അവസാനം വരെ ദൈവത്തിന്റെ സഹായം നമ്മോടു കൂടെയിരിക്കും. ദൈവവചനപ്രകാരം ദൈവത്തിന്റെ ഇഷ്ടത്തിന്റെ വഴിയിൽ കൂടി നടക്കുക.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

ആഗമനദൂതൻ മാസിക വായിച്ച് ദൈവം നിങ്ങളെ അനുഗ്രഹിച്ചുവെങ്കിൽ ഞങ്ങൾക്ക് എഴുതണം. അതുപോലെ ഞങ്ങൾക്കെഴുതുക. മറുപടി എഴുതാം. പ്രാർത്ഥിക്കാം. നിങ്ങളുടെ കത്ത് പ്രതീക്ഷിച്ചുകൊണ്ട്

ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

ക്രിസ്തു ജീവനുള്ള വഴി

നൽകി. അതിപരിശുദ്ധ സ്ഥലത്ത് നമ്മുടെ ഹൃദയം പൂർണ്ണമമായി തുറക്കപ്പെടുന്നു, ദൈവത്തിന്റെ കൂട്ടായ്മക്കും പെട്ടെന്നുള്ള സാന്നിദ്ധ്യത്തിനുമായി കടന്നു ചെല്ലുന്നു. നമ്മുടെ ഹൃദയങ്ങളെ അവിടുത്തെ സന്നിധിയിൽ തുറക്കുന്നു, കാൽവറിയിലേതുപോലെ ഞങ്ങൾ വരുന്നു. ഞങ്ങളുടെ ജഡത്തെ ക്രൂശിക്കുവാൻ. സ്വയത്തെ അവിടുത്തെ സന്നിധിയിൽ മരണത്തിന് ഏല്പിക്കുമ്പോൾ, തന്റെ ആത്മാവിന്റെ ശക്തിയാൽ അങ്ങനെ ചെയ്യുമ്പോൾ, ദൈവത്തിങ്കലേക്കുള്ള നമ്മുടെ പ്രവേശനത്തിന്റെ തടസങ്ങൾ മാറ്റി അതിനെ സാധ്യമാക്കിതീർക്കുന്നു. നമ്മുടെ സമാധാനത്തിനും വിജയത്തിനും ഏറ്റവും വലിയ തടസമായിരിക്കുന്നത് നമ്മുടെ ജഡമാണ്. വിവിധങ്ങളായ നിലയിൽ നമ്മുടെ മനസാക്ഷിയുടെ സ്വയം ഉയരുമ്പോൾ, നാം തന്നെ നമ്മുടെ പ്രശ്നങ്ങളെ വിളിച്ചു വരുത്തുന്നു, നമ്മുടെ സംരക്ഷണം തെറ്റായാലും ശരിയായാലും ഉടനെ, നമ്മുടെ ദൈവവുമായുള്ള കൂട്ടായ്മക്ക് ഭംഗം വരുന്നു, ഇടയ്ക്ക് ദൈവവുമായുള്ള കൂട്ടായ്മയ്ക്ക് ഭംഗം വരുന്നു.

ജീവിതത്തിൽ വേദനിപ്പിക്കുന്നതായിട്ടോ തടസമായോ ഒന്നും തന്നെയില്ല, എന്നാൽ ദുഷ്ടൻ വച്ചിരിക്കുന്ന കഠിനഭാരം, സാത്താന്റെ ഈ വിത്ത്, അകത്തെ കഠിനമായ പാപഭാരം, ഈ ലോകത്തിന്റെ ദൈവമായവന്റെ അഹങ്കാരവും ഭീഷണിയും, തന്റെ അവകാശ വാദങ്ങൾ, തന്റെ സിംഹാസനത്തിന്റെ അവകാശവാദങ്ങൾ, ഇവ ജീവിതത്തെ ഞെരുക്കുന്നു. നമുക്കു ഒരിക്കലും അതിനെ കീഴടക്കുവാൻ സാധ്യമല്ല. എന്നാൽ പരിശുദ്ധാത്മാവിനാൽ സാധിക്കും. യേശുവീന്റെ ക്രൂശിൽ മാത്രം ഇവ പരാജയപ്പെടുന്നു. കർത്താവിന്റെ തുളക്കപ്പെട്ട ശരീരം അതിനെ ജയിക്കുന്നു, തന്റെ ജനത്തിനുവേണ്ടി ഇറങ്ങുന്ന തീയും ഇതിനെ പരാജയപ്പെടുത്തുന്ന കരങ്ങളിലേക്കു അതിനെ വിട്ടുകൊടുക്കുക, പരാജയപ്പെട്ട ശത്രുവാണ് എന്ന് കരുതുക.ഏല്പിച്ചു കൊടുക്കുക, അതിപരിശുദ്ധ സ്ഥലം വിശാലമായി തുറക്കുന്നു, ദൈവരാജ്യത്തിന്റെ ഷെഖേന പ്രകാശിക്കുന്നു. നിങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നു. നിങ്ങളുടെ അകത്തെ മനുഷ്യൻ പുരാതന കാലത്തെ ഒരു സമാഗമന കൂടാരം ആയിത്തീരുകയും സ്വർണ്ണവിളക്ക് പ്രകാശം തിരകയും ദൈവത്തിന്റെ ഷെഖേനയിലൂടെ അക്ഷരികമായ ദൈവസാന്നിദ്ധ്യം ഇറങ്ങിവരികയും ചെയ്യുന്നു.

2) ദൈവത്തിൽ ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. ദൈവഭവനം നമുക്ക് അഭയം തരികമാത്രമല്ല. നമ്മെ സ്നേഹിക്കുന്ന നമ്മെ സ്വാഗതം ചെയ്യുന്ന ഒരു സഹോദരനും നമുക്കുണ്ട്.

പുരാതന കാലത്ത് ഒരു മഹാപുരോഹിതന് വളരെ പ്രധാനമായ ശുശ്രൂഷയുണ്ട്. അതിപരിശുദ്ധസ്ഥലത്തെ വാതിൽ ജനത്തിനായി തുറുന്നു വയ്ക്കുന്നു അവിടെ ജനത്തിന്റെ ശുശ്രൂഷ നടക്കുന്നുണ്ട്. അങ്ങനെ നമ്മുടെ വലിയ മഹാപുരോഹിതൻ വാതിൽ നമുക്കായി തുറന്നുവക്കുന്നു, വഴി എപ്പോഴും നമുക്കായി തുറന്നിരിക്കുന്നു. അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ ആകുന്നു. (എബ്രാ. 7:25). പാപം നീക്കി നമ്മെ ശുദ്ധീകരിക്കയും പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും സ്വാധീനത്തിൽ നിന്നും നമ്മെ വിടുവിക്കുക എന്നത് അവിടുത്തെ ജോലിയാണ്. അവിടുത്തെ അടുക്കൽ നാം ചെല്ലുന്നത്, നമ്മുടെ വിജയങ്ങളിൽ നാം ശക്തരായതുകൊണ്ടല്ല, എന്നാൽ പരീക്ഷകളാൽ നിന്ദിക്കപ്പെട്ടും, പരാജയപ്പെട്ടും തകർന്നിരിക്കുമ്പോൾ മനസ് ക്ഷീണിച്ചിരിക്കുമ്പോഴുമാണ് നാം അടുത്തു ചെല്ലുന്നത്. അവിടുന്ന് ശിഷ്യന്മാരുടെ കാലുകളെ കഴുകി, തൂവാലകൊണ്ട് തുവർത്തി തന്റെ പൗരോഹിത്യ വേലയും ചെയ്തു. തന്റെ വിലയേറിയ രക്തം തളിച്ച് അവരെ ശുദ്ധീകരിച്ചു. അതുകൊണ്ട്, നമുക്ക് ധൈര്യത്തോടെ സിംഹാസനത്തോട് അടുത്തു ചെല്ലാം, കരുണയ്ക്കായി, തക്കസമ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ക്രിസ്തു ജീവനുള്ള വഴി

യത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനായി അടുത്തു ചെല്ലാം.

പുരാതന പുരോഹതിന്മാർ രോഗികളെയും കഷ്ടപ്പെടുന്നവരേയും ശുശ്രൂഷിച്ചു. കുഷ്ഠരോഗികളെ പരിശോധിക്കുന്നത് അവരുടെ ജോലിയായിരുന്നു. അവർ അവരുടെ ശുദ്ധീകരണത്തിനായുള്ള യാഗങ്ങൾ അർപ്പിക്കുമായിരുന്നു. അവരുടെ ശുദ്ധീകരണം പ്രഖ്യാപിക്കണമായിരുന്നു; നമ്മുടെ മഹാപുരോഹിതൻ നമ്മെ സൗഖ്യമാക്കുന്നവൻ കൂടിയാണ്. അവിടുന്ന് സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു. നമ്മുടെ സങ്കടങ്ങളിൽ ആശ്വാസം നൽകുന്നു, തകർന്ന നമ്മുടെ ഹൃദയങ്ങളെ മുറിവ് കെട്ടുന്നു. നമ്മുടെ രോഗങ്ങളെ തൊട്ട് സൗഖ്യമാക്കുവാൻ അവിടുത്തേയ് ക്ക് കഴിയും. അവിടുന്ന് പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. ” (എബ്രാ. 4:15).

യിസ്രായേൽ ഗോത്രം 12 നെയും പേരെഴുതി തന്റെ മർവ്വിലും തോളിലും വഹിക്കുന്നവരും കൂടെയാണ്, അങ്ങനെ ക്രിസ്തു നമ്മെ തന്റെ ബലത്തിന്റെ തോളിലും തന്റെ സ്നേഹത്തിന്റെ മടിത്തട്ടിലും തീരാത്ത വിശ്വസ്തതയിലും പരാജയപ്പെടാത്ത ബലത്തിലും നമ്മെ വഹിക്കുന്നവരും ആണ്. നമ്മുടെയും കർത്താവായ യേശുക്രിസ്തുവിന്റെയും പിതാവിന്റെ മുമ്പിൽ നമ്മുടെ പ്രാർത്ഥന എത്തിക്കയും ചെയ്യുന്നു. പിതാവുമായിട്ടുള്ള ബന്ധങ്ങളെ എപ്പോഴും ശരിയായി സൂക്ഷിക്കുന്നു. സ്ഥിരമായ മധ്യസ്ഥതയിലൂടെ അവിടുന്ന് നമ്മെ സ്ഥിരമായി ഓർക്കുന്നു. നമ്മുടെ ആവശ്യങ്ങൾ നാം തന്നെ അറിയുന്നില്ലെങ്കിലും പ്രാർത്ഥിക്കേണ്ടും വണ്ണം അവിടുന്ന് നമുക്കായി പ്രാർത്ഥിക്കുന്നു.

ഒരു വാക്കിൽ, അവിടുന്ന് നമ്മുടെ ആത്മീക ജീവിതത്തിന്റെ നായകനും നടത്തിപ്പുകാരനുമാണ്. “ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശു” (എബ്രാ. 12:2). ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കുള്ളത്. നമുക്കു പകരമായി നിൽക്കുന്നവൻ. നമുക്ക് ആശ്രയിപ്പാൻ പിതാവിനാൽ നിയമിക്കപ്പെട്ട് ആയിരിക്കുന്നു. ഈ മഹത്കരമായ ദൗത്യത്തിനായി തന്നെത്താൻ ഏല്പിച്ചിരിക്കുന്നു. അങ്ങനെ നാം അവിടുത്തെ അംഗീകരിച്ചിരിക്കുന്നു. അവിടുന്ന് നമുക്കുള്ളവൻ ആണ് ഈ മഹത്വമുള്ള പദവിയെ നമുക്ക് അനുഭവിക്കാം, ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നു പോയൊരു ശ്രേഷ്ടമഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ട് നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക. “ അതുകൊണ്ട് കരുണ ലഭിപ്പാനും തത്സയമത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തോട് അടുത്തു ചെല്ലുക ” (എബ്രാ. 4:14,16).

നാം എന്തു ചെയ്യേണം

1) “ നാം അടുത്തു ചെല്ലേണം ”. ഇങ്ങനെ പറയുന്നു, അകലം വിട്ടല്ല, തണുത്ത്, അലസമായി അല്ല, നമ്മുടെ പദവികളുടെ എല്ലാ നിറവിലും നമ്മുടെ രക്ഷകന്റെ എല്ലാ സഖിത്വത്തിലും ജീവിക്കാം. ഒരൊറ്റ ലക്ഷ്യത്തോടുകൂടി മഹത്വപ്പെടുത്തുക അനുസരിക്കുക, പരമാർത്ഥ ഹൃദയത്തോടും വിശ്വസ്തതയോടും അടുത്തു ചെല്ലുക. വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട്, അലസമായി തലവണക്കുന്നവരായിട്ടല്ല, സന്തോഷത്തോടെ അവിടുത്തെ സ്വീകാരം മുറുകെ പിടിച്ചുകൊണ്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ, അടുത്തു ചെല്ലാം. നാം യോഗ്യതയില്ലാത്ത ചിന്തയോടുകൂടി, ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയത്തിൽ തളിക്കപ്പെട്ടവരായി ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി അടുത്തുചെല്ലാം. തെറ്റുകൾ ജീവിതത്തിൽ കടന്നു വന്നാൽ, ശുദ്ധീകരണമുണ്ട്. ജീവിതത്തിൽ അയോഗ്യതകൾ കടന്നു വന്നാൽ അവിടുത്തെ പരിശുദ്ധ രക്തത്താലും കൃപയുടെ ആത്മാവിനാലും ദൈവവുമായുള്ള കൂട്ടായ്മയിലേക്കും തന്റെ സന്തോഷമുള്ള സാന്നിദ്ധ്യത്തിലേക്കു നമ്മെ മടക്കി വരുത്തും.

പാപമുള്ള പുരോഹിതന്മാർ പഴയ നിയമകാലത്ത് യാഗപീഠത്തിൽ ശുശ്രൂഷിക്കുന്നു. പൗരോഹിത്യ അപ്പം അവർക്കു ഭക്ഷിക്കാം.. കൈക്കുറകും യാഗപീഠത്തിലെ മാംസവും യാഗപീഠത്തിൽ നിൽക്കുന്ന പുരോഹിതനെ അശുദ്ധമാക്കുന്നില്ല. അതി പരിശുദ്ധ സ്ഥലത്തുവച്ച് അത് കഴിക്കാൻ പാടില്ല. എന്നാൽ അയോഗ്യർ എന്ന് തള്ളപ്പെട്ട മനുഷ്യർക്ക് തന്റെ കൃപയിലേക്കും സ്നേഹത്തിലേക്കും എത്ര മനോരമായ പ്രവേശനമാണ് അനുവദിച്ചിരിക്കുന്നത്, ഏതു സമയത്തും സഹായത്തിനായി അടുത്തചെല്ലാം. ബലഹീനതകളിൽ ധൈര്യം പകരുന്നു, അ ധൈര്യപ്പെടുത്തലുകളിൽ നിന്നും എപ്പോഴും നമ്മെ കാക്കുന്നു, പ്രതിസന്ധികളിൽ ആശ്വസിപ്പിച്ചു തന്റെ മാർവ്വോട് നമ്മെ അണെച്ചു കൊള്ളുന്നു. ജീവിച്ചു ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നു, നന്ദിയും ആരാധനയും അർപ്പിക്കാൻ നമ്മെ സഹായിക്കുന്നു.

2) “ പ്രത്യാശയുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക (അവിടുന്ന് വാഗ്ദത്തം ചെയ്തത് നിവർത്തിപ്പാൻ ശക്തൻ ”) അല്ലെങ്കിൽ വിശ്വാസത്തെ മുറുകെപിടിച്ചുകൊൾക അല്ലെങ്കിൽ നാം അവകാശമാക്കിയിരിക്കുന്ന പ്രത്യാശയെ മുറുകെ പിടിച്ചുകൊൾക. ഈ നമ്മുടെ പ്രത്യാശയും വിശ്വാസവും വലിയ നിത്യമായ വിശ്വാസത്തേയും പ്രത്യാശയും കുറിച്ചാണ് പറയുന്നത്. ഇത് കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള സമ്പൂർണ്ണ രക്ഷയാണ്. ഇത് ദൈവം നമുക്കു തരുന്ന ഉറപ്പും ധൈര്യവുമാണ് നമ്മോടുള്ള വാഗ്ദത്തത്തിന്റെ ഉറപ്പാണത്. ദൈവം നമുക്ക് തന്നിരിക്കുന്ന ആശ്രയത്തിൽ ഉറച്ചു നിൽക്കാം, ആട്ടമില്ലാതെ ഇളക്കമില്ലാതെ ഉറച്ചു നില്ക്കാം. കുലുക്കമില്ലാതെ ഉറച്ചു നിൽക്കാം. നമുക്ക് അങ്ങനെ ചെയ്യാം. കാരണം അങ്ങേക്കരയിൽ അവിടുന്ന് മാറ്റമില്ലാത്തവനായി നമുക്കുണ്ട്. അവിടുന്ന് സിംഹാസനമിട്ടുവാഴുന്നു. ആ ആടിപ്പോകാത്ത ചനലമില്ലാത്ത സംരക്ഷണത്തിൽ നമുക്ക് ആയിരിക്കാം. അവിടുന്ന് നൽകിയ വാഗ്ദത്തത്തിലും ഉറപ്പിലും നമുക്ക് ആയിരിക്കാം. അവിടുന്ന് നൽകിയ അനുഗ്രഹത്തിന്റെ ഉദ്ദേശങ്ങളൊന്നും നിറയപ്പെടാതെ തടസപ്പെടുന്നവയല്ല.

3) നമുക്കു പരസ്പരം സൽപ്രവർത്തികൾ ചെയ്യാം. ഈ മഹത്വകരമായ പദവി നമ്മെ സ്വർത്ഥതയില്ലാത്തവരാക്കുന്നു. സൽപ്രവൃത്തികൾ ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അപകടകരമായ മലകയറ്റക്കാർ തങ്ങളുടെ ശരീരത്തെ മറ്റൊരാളുമായി ബന്ധിപ്പിച്ചിരിക്കുന്നതുപോലെ ഒരുത്തൻ വീഴുമ്പോൾ മറ്റവൻ താങ്ങുവാൻ സഹായിക്കുന്നു; ദൈവം നമ്മുടെ ഹൃദയങ്ങളെയും ജീവിതങ്ങളെയും എണ്ണമി

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ക്രിസ്തു ജീവനുള്ള വഴി

ല്ലാത്ത കാര്യങ്ങളാൽ ബന്ധിച്ചിരിക്കുന്നു. കഷ്തയിലും പരസ്പര സഹകരണത്തിലും ഒരുവൻ കഷ്ടം അനുഭവിക്കുന്നു എങ്കിൽ എല്ലാവരും കഷ്ടം അനുഭവിക്കുന്നു. പ്രത്യേകിച്ച് നാം അതിപരിശുദ്ധ സ്ഥലത്തേക്ക് ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് ചെല്ലുമ്പോൾ, സ്നേഹിക്കും എന്ന പ്രതീക്ഷയോടെ സന്തോഷിപ്പിക്കും, പരസ്പരം സഹായിക്കും. ബലഹീനതയിലും കഷ്ടങ്ങളിലും പരസ്പരം നമ്മെ സഹായിക്കും എന്ന പ്രതീക്ഷയോട് അടുത്തു ചെല്ലുന്നു. ഏറ്റവും നല്ല തെളിവ് നിങ്ങൾക്കു കൊടുക്കുവാൻ കഴിയുന്നത്, നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി എങ്കിൽ,. ബലഹീനന്റെ പോരായ്മകൾ വഹിക്കും, അതിൽ നിങ്ങൾ തന്നെ മഹത്വം എടുക്കയില്ല, “നിന്നെ നിന്ദിക്കുന്ന വരുടെ നിന്ദ എന്റെ മേൽ വീണു” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല (റോമ. 15:3). അതുകൊണ്ട് മറ്റുള്ളവരെ നമുക്ക് പരിഗണിക്കാം, മറ്റുള്ളവരെ കരുതാം, മറ്റുള്ളവരുടെ ഭാരങ്ങൾ വഹിക്കാം, അങ്ങനെ നാം ക്രിസ്തുവിന്റെ ന്യായ പ്രമാണം നിവർത്തിക്കും. മറ്റുള്ളവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. മറ്റുള്ളവരുടെ തെറ്റും കുറ്റങ്ങളും നമ്മുടെ മധുരമുള്ള പ്രാർത്ഥനാ ശുശ്രൂഷകളിൽ നമുക്ക് ഓർക്കാം. പര്സപരം ക്ഷമിക്കുന്നവരായി കാണപ്പെടാം.

അതുപോലെ, അപ്പോൾ സ്നേഹിതരേ, നമ്മുടെ ചുമതലകളും പദവികളുമായി കണക്കാക്കാം. പഴയതിനെ പൂർണ്ണമായി നമുക്ക് എടുക്കാം, പുതിയതിനെ വിശ്വസ്തതയോടെ കൈകാര്യം ചെയ്യാം. അധികം സ്നേഹത്തോടെ അണയ്ക്കാം, അവിടുത്തെ സാന്നിദ്ധ്യത്തിൽ സ്ഥിരമായി വസിക്കാം, അധികം വിശ്വസ്ഥതയോടെ നമ്മുടെ ചുമതലകൾ വഹിക്കാം. ഭൗതിക ബന്ധങ്ങളെ കാക്കാം. നാൾ സമീപിക്കുന്നു എന്ന് കാണുമ്പോൾ അത് അധികമായി ചെയ്യാം. നമ്മുടെ കർത്താവ് വരുന്നു, നമ്മുടെ പ്രത്യാശ പൂർണ്ണമായി നിവേറ്റപ്പെടുമാറാകട്ടെ. ❖

ക്രിസ്തുവിൽ നിറഞ്ഞവരായിരിക്കുക

By Rich Carmicheal

“അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്” (യോഹ. 10:10).

“നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും” (കൊലൊ. 3:4).

യേശു നമ്മോട് പങ്കിടുന്നത് നമുക്ക് ജീവൻ ഉണ്ടാകേണ്ടതിനും സമൃദ്ധിയായിട്ടുണ്ടാകേണ്ടതിനുമായിട്ടാണ് താൻ വന്നിരിക്കുന്നത്. മഹനീയമായ സത്യം എന്നത് തന്നെ ആ ജീവനാണ്. ചില മഹത്വകരമായ പ്രഖ്യാപനങ്ങൾ നോക്കാം. “ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു” (യോഹ.11:25). “ഞാൻ തന്നെ വഴിയും, സത്യവും ജീവനും ആകുന്നു (14:6). ഞാൻ ജീവന്റെ അപ്പം ആകുന്നു, എന്റെ അടുക്കൽ വരുന്നവന് ഒരു നാളും ദാഹിക്കയുമില്ല, എങ്കിൽ വിശ്വസിക്കുന്നവന് ഒരു നാളും വിശക്കയുമില്ല (6:35). “ഞാൻ അൽഫയും ഒമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവനു ഞാൻ ജീവജലം അവയിൽ നിന്നും സൗജന്യമായി കൊടുക്കും” (വെളി. 21:6). ജീവജലം അവിടുന്ന് നമുക്കു തരും, അവിടുന്ന് തരുന്നത് നമ്മിൽ, “ഞാൻ ജീവനുള്ള വെള്ളം നിനക്കു തരികയും, ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവനുള്ളതായി പൊങ്ങിവരുന്ന നീരുറവായിത്തീരും എന്നുത്തരം പറഞ്ഞു. (യോഹ. 4:10,14).

താൻ തന്നെ “വചനം ആകുന്നു” (യോഹ. 1:1). അവിടുത്തെ വചനങ്ങൾ ജീവൻ ആകുന്നു (യോഹ. 6:63). നീ ജീവമാർഗ്ഗങ്ങളെ എന്നോട് അറിയിച്ചു (പ്രവൃ 2:8). നാം അവിടുന്ന് അനുഗമിച്ചാൽ നമുക്കു ജീവന്റെ വെളിച്ചം ഉണ്ട്. ഇങ്ങനെ എഴുതിയിരിക്കുന്നു. പുത്രനിൽ നിത്യജീവൻ ഉണ്ട്. കൂടാതെ “ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളത് തന്നെ പുത്രൻ ഉള്ളവനു ജീവൻ ഉണ്ട്. ദൈവപുത്രനില്ലാത്തവന് ജീവൻ ഇല്ല” (യോഹ. 5:11,12).

ക്രിസ്തു നമ്മിൽ

നാം ഒരു വിശ്വാസി എന്നു പരിഗണിക്കുമ്പോൾ, ഈ സത്യം അത്ഭുതകരമായിത്തീരുന്നു, ക്രിസ്തു നമ്മിൽ, അപ്പോസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നു. “ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രഹേ ജീവിക്കുന്നത് (ഗലാ. 2:20). യാഥാർത്ഥ്യം ഇതാണ് ക്രിസ്തു നിങ്ങളിൽ ജീവിക്കുന്നു. ദൈവപുത്രൻ നമ്മിൽ വസിക്കുന്നു. ദൈവത്തിന്റെ നിറവുകൾ ഒരുവനിൽ വസിക്കുന്നു (കൊലൊ. 1:19, 2:90; അവിടുന്ന് വചനമം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. (യോഹ. 1:14); അവിടുന്ന്, “ഞാൻ അൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു”. വെളി. 22:13. ഒരുവൻ സകലത്തിന്റെയും സൃഷ്ടിതാവാണ്, എല്ലാറ്റിനും ഉടമസ്ഥനും, എല്ലാറ്റിന്റെയും പരിപാലകൻ, എല്ലാറ്റിന്റെയും മുമ്പേയുള്ളവൻ, സകലത്തിനും ആധാരമായിരിക്കുന്നു (കൊലൊ. 1:16,17; എബ്രാ. 1:2,3). അവിടുന്ന് നിങ്ങളിൽ അതെ, എങ്ങനെ അവിടുത്തെ വർണ്ണിക്കുവാൻ കഴിയും, അവിടുത്തെ ആധിപത്യം, അവിടുത്തെ പേര്, അവിടുത്തെ പ്രകൃതി, അവിടുത്തെ സ്വഭാവം അവിടുത്തെ സ്നേഹം, അവിടുത്തെ ശക്തി, അവിടുത്തെ എല്ലാ പ്രവൃത്തികളും അവിടുന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. അത്ഭുതങ്ങളിൽ അത്ഭുതം, അവിടുന്ന് എന്നിലും നിങ്ങളിലും വസിക്കുന്നു.

ദൈവത്തിന്റെ നിറവുകൾ പങ്കുവയ്ക്കുന്നു.

അവിടുത്തെ ആഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിന്റെ ആഗ്രഹങ്ങളല്ല, എന്നാൽ നമ്മുടെ ജീവിതത്തിൽ അവിടുത്തെ സാന്നിധ്യവും ശക്തിയും മഹത്വവും കൊണ്ട് നിറയണം. സഭയിലെ അംഗങ്ങൾ എന്ന നിലയിൽ നാം, അവന്റെ നിറവിൽ നിന്നും നമുക്ക് കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹ. 1:16). വസ്തുത എന്നത്, അവിടുന്ന് നമ്മിൽ വസിക്കുക

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിൽ നിറഞ്ഞ വരായിരിക്കുക

എന്നതിന്റെ അർത്ഥം, " ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും" (എഫെ. 3:19) വേണം എന്നു പ്രാർത്ഥിക്കുന്നു.

ഈ പ്രാർത്ഥനയുടെ സാഹചര്യം ഒന്നു ശ്രദ്ധിക്കുക, അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടു കുത്തുന്നു, അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ അകത്തെ മനുഷ്യനെ സബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ആഴവും ഉയരവും എന്ത് എന്ന് സകല വിശുദ്ധന്മരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു" (എഫെ. 3: 14-19).

ഈ ഭാഗം കൂടി ശ്രദ്ധിക്കുക, ഇവയിൽ എല്ലാറ്റിലും പരിശുദ്ധാത്മാവിന്റെ പ്രധാന ദൗത്യം എന്താണ് - ആത്മാവിൽ നിങ്ങളുടെ അകത്തെ മനുഷ്യനെ സംബന്ധിച്ച് (വാക്യം 16). യേശു ഇങ്ങനെ വാഗ്ദത്തം ചെയ്തിരിക്കുന്നു, എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയുകയില്ല. നിങ്ങളോ അവൻ നിങ്ങളോടുകൂടെ ഇരിക്കയും നിങ്ങളിൽ വസിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും (യോഹ. 14:16-18). ആത്മാവ് ശക്തി തരും എന്ന് അവിടുന്നു വാഗ്ദത്തം ചെയ്യുന്നു (പ്രവൃത്തി.1:8)നമ്മുടെ ഹൃദയങ്ങളിൽ നിന്നും, ജീവജലത്തിന്റെ നദികൾ ഒഴുകും (യോഹ. 7:38). പരിശുദ്ധാത്മാവ് ജീവൻ തരുന്നു, അവിടുത്തെ ശുശ്രൂഷ മഹത്വകരുമായത് എപ്പോഴും വർദ്ധിച്ചു വരുന്ന തന്റെ മഹത്വത്താൽ അവിടുന്ന് തന്റെ ശരീരത്തോടു നമ്മെ അനുരൂപപ്പെടുത്തുന്നു (2കൊരി. 3:6-18). അവിടുത്തെ നിറവിനാൽ നിറയപ്പെട്ടവരായിരിക്കാം. (എഫെ. 5:18). അവിടുത്തെ സാന്നിധ്യവും ശുശ്രൂഷയും നമ്മുടെ ജീവിതത്തിൽ വിലയേറിയ ഫലങ്ങൾ ഉളവാക്കുന്നു, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത സൗമ്യത ഇന്ദ്രിയ ജയം..... (ഗലാ 5:22,23).

ആത്മനിറവ്

ക്രിസ്തു നമ്മിൽ; അവിടുത്തെ ആത്മാവ് നമ്മിൽ ഇതു പോലുള്ള അനുഗ്രഹിക്കപ്പെട്ടതായ സത്യങ്ങൾ! തീർച്ചയായും നമ്മുടെ ജീവിതത്തൽ നിറഞ്ഞു കവിയുന്ന ക്രിസ്തുവിന്റെ നിറവുകൾ

ശക്തി (2കൊരി.12:9)
സന്തോഷം (യോഹ.16:24)
പ്രത്യാശ (റോമ. 15:13)
ധൈര്യം (പ്രവൃ. 4:31)
നീതി (ഫിലി. 1:9-11)
വിശുദ്ധി (എബ്രാ.7:26)
നന്മ (റോമ. 15:14)
ജ്ഞാനം (1കൊരി. 1:30)
ബലം (ഫിലി. 4:13)
വിജയം (റോമ. 8:37)
മനസ്സ് (1കൊരി. 2:16)
സൗമ്യത (മത്താ. 11:29)
താഴ്മ (ഫിലി. 2:3-8)
സത്യസന്ധത (1പത്രൊ.2:22)
സമാധാനം (യോഹ.14:27)
ബലം (കൊലൊ.1:29)
സ്ഥിരോത്സാഹം (എബ്രാ. 12:2)
വിശ്വസ്തത(2തിമൊ.2:13)
കൃപയും സത്യവും (യോഹ.1:14)
മനസലിവ് (മത്താ. 9:36)
പുനരുദ്ധാനവും ജീവനും (റോമ. 6:4)
സമർപ്പണം (എബ്രാ.10:9)
അനുസരണമുള്ള സ്വഭാവം (യോഹ. 8:29)
വേലക്കാരന്റെ ഹൃദയം (യോഹ. 13:14, 15)
പ്രകാശം (യോഹ.8:12)
മുദ്ര (യോഹ. 2:17)
നന്മ പ്രവൃത്തികൾ (യോഹ. 14:12)
വിശുദ്ധി (1യോഹ. 3:3)
സ്നേഹം (റോമ. 5:5)

" മുകളിലത്തേക്കാളും അധികമായി, ധാരാളമായി...."

എത്ര പരിതാപകരമാണ് ക്രിസ്തു ഇല്ലാത്ത ജീവിതം! ക്രിസ്തുവിന്റെ നിറവിനു പകരമായി മറ്റൊന്നില്ല, പാപത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും വേർപെട്ട്, അവിടുത്തെ ജീവജല നദികൾ ഒഴുകുവാൻ തക്കവണ്ണം ജീവിതത്തെ ക്രമീകരിക്കുക. നാം പ്രാർത്ഥിക്കുമ്പോൾ, വലിയ പ്രതീക്ഷയോടെ പ്രാർത്ഥിക്കുക, അവിടുത്തെ വാഗ്ദത്തം നമുക്കുണ്ട്. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു" (എഫെ.3:20). എല്ലാ മഹത്വവും ദൈവത്തിന് ! ❖

ക്രിസ്തു എല്ലാറ്റിന്റെയും കർത്താവായി കിരീടമണിഞ്ഞു.

By Lois J Stucky

വെളിപ്പാട് 19:11-13 വാക്യങ്ങളിൽ യോഹന്നാന്റെ ഒരു ദർശനം കാണാം, സ്വർഗ്ഗത്തിൽ നിന്നും ഒരുവൻ വെള്ളക്കുതിരപ്പുറത്തു വരുന്നതു കാണാം. അവന്റെ പേര് വിശ്വസ്തനും നീതിമാനും. "അവന് ദൈവവചനം എന്ന് പേര് അവന്റെ തലയിൽ അനേകം രാജമുടികൾ".

ഈ ഒരുവൻ, കർത്താവായ യേശുക്രിസ്തു കിരീടം ധരിച്ചിരിക്കുന്നു. മത്തായി 28:18 പ്രകാരം സകല ശക്തിയും അഥവാ സകല അധികാരവും ലഭിച്ചിരിക്കുന്നു. അവിടുന്ന് അനേകരുടെ പാപങ്ങൾക്ക് വേണ്ടി കാൽവറിയിൽ ക്രൂശിക്കപ്പെട്ടു, നിന്റെ രക്തം കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും ഉള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി (വെളി. 5:9). അവിടുന്ന് സ്വീകരിപ്പാൻ യോഗ്യൻ, "ശക്തിയും ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്ന് പറഞ്ഞു " (5:12). സ്വർഗ്ഗത്തി ലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സ,കല സൃഷ്ടിയും അവയിലുള്ളതൊക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനു സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു" (5:13).

മാനുഷിക ചിന്തകൾക്കപ്പുറമായി ഈ മഹത്വവാനായ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ക്രിസ്തു എല്ലാറ്റിന്റെയും കർത്താവായികിരീടമണിഞ്ഞു

നിത്യനായവൻ, ഈ രാജാധിരാജാവ്, താഴ്മയുള്ള ശ്രേഷ്ഠനായ രക്ഷകൻ, അവനിലത്രേ വിശ്വാസി വിശ്രമവും, സമാധാനവും, ആശ്വാസവും കണ്ടെത്തുന്നത്. അവിടുന്ന് നമ്മു ടെ ഹൃദയങ്ങളിലേക്ക് വന്നു, പാപഭാരത്താലും, പാപക്ഷമക്കായി വാഞ്ച യോടെ ദൈവത്തോടുള്ള സമാധാനത്തിനായും ഉള്ള വാഞ്ചയോടും ആയിരുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി കാൽവറിയിൽ രക്തം ചിന്തിയ ഉറപ്പോടെ അവിടുന്നു വന്നു, നാം ഏറ്റു പറഞ്ഞതിനാൽ നമ്മുടെ പാപങ്ങൾക്ക് മോചനം ഉണ്ട്. ആ രക്തത്താൽ നമ്മുടെ എല്ലാ പാപങ്ങളും കഴുകി നമ്മെ ശുദ്ധിയുള്ളവരാക്കി (1യോഹ. 1:7). അവിടുന്ന് നമ്മോട് ദയ കാണിച്ചു. പാപത്താൽ വലഞ്ഞ ഹൃദയങ്ങളിൽ അവിടുന്ന് സമാധാനം നൽകി, അവിടുത്തോടുകൂടി നമുക്ക് കൂട്ടായ്മ നൽകി. അവിടുന്ന് നമ്മെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല. എന്ന വാഗ്ദത്തം നൽകി, മരണഭയം നമ്മിൽ നിന്നും എടുത്തു മാറ്റി, വിശ്വാസത്തിന്റെ ധൈര്യത്താൽ നമുക്ക് നിത്യജീവൻ നൽകി. (യോഹ. 3:16).

ദൈവം നമുക്കു നൽകിയ ഈ അത്ഭുതകരമായ രക്ഷക്കായി തന്റെ പാപഭാരവൃന്ദങ്ങളിൽ തലവണക്കുന്നു. ഇത് അത്ഭുതകരമായ യാഥാർത്ഥ്യം. ദൈവം ചെയ്ത ഈ പ്രവൃത്തി എത്രയോ വലുത് അല്ലയോ? ഈ രാജാവും കർത്താവുമായ യേശു നമ്മെ **കൂട്ടുകാർ** എന്നു വിളിക്കുന്നു. അവിടുന്ന് ആജ്ഞാപിക്കുന്നതൊക്കെയും ഞങ്ങൾ ചെയ്യും, എല്ലാ സ്നേഹിതന്മാരെക്കാൾ വലിയ സ്നേഹിതൻ, അവിടുന്ന് തന്റെ ജീവനെ നമുക്കായി വച്ചു നൽകി. (യോഹ. 15:13-15).

തന്റെ ശക്തായാൽ നമ്മെ സൂക്ഷിച്ചു. കാൽവറി ക്രൂശിനാൽ ഇരുട്ടിന്റെ അധികാരങ്ങളെ ജയിച്ചു (കൊലൊ. 2:15). നാം നമ്മുടെ സ്വന്തം ശക്തിയിൽ ആശ്രയിക്കരുത്. നാം ക്രിസ്തുവനോടുകുടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു, നാം ഇന്നത്തെ പാപത്തിന്റെ മലിനതകളിൽ നിന്നും അവിടുന്നു നമ്മെ വിടുവിക്കുന്നു. താഴ്മയോടെ നടക്കുവാൻ ദൈവം നമ്മെ സഹായിക്കുന്നു, നമ്മെ സൂക്ഷിക്കുന്ന ശക്തിയിൽ പൂർണ്ണ ആശ്രയത്തോടെ അവിടുന്നു നമ്മിൽ നമ്മിലൂടെ മഹിമപ്പെടുമാറാകട്ടെ. അന്ത്യകാലത്തു വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു ”. (1പത്രൊ. 1:4,5)

നമുക്ക് മുറുകെ പിടിക്കാം ക്രിസ്തുവിൽ, അവിടുന്ന് എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിലും അത്യന്തം മീതെ ഇരുത്തുകയും (എഫെ. 1:21). ക്രിസ്തു ഇരുട്ടിന്റെ സകല അധികാരത്തിനും മേൽ വിജയി, അവിടുത്തെ നാമത്തിൽ നമുക്കു ജയമുണ്ട്.

❖

ജോൺ ഉം ബെറ്റിസ്റ്റാമും ചൈനയിൽ രക്തസാക്ഷികളായ മിഷ്യനറിമാർ

“ എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു ” (ഫിലി.1:21).

1907 ജനുവരി 8-ാം തീയതി ന്യൂ ജഴ്സിയിലുള്ള പാറ്റേഴ്സൺ -ൽ ഒരു ക്രിസ്തീയ കുടുംബത്തിൽ ജോൺ സി.സ്റ്റാം ജനിച്ചു. 9 മക്കളിൽ ഏഴാമനായി ജനിച്ചു. ജോണും സഹോദരന്മാരും സഹോദരിമാരും ദൈവീക കാര്യങ്ങൾ പഠിച്ചിരുന്നു. കുടുംബ ധ്യാനങ്ങളും പ്രാർത്ഥനകളും അവർക്കുണ്ടായിരുന്നു. ക്രിസ്തു യഥാർത്ഥത്തിൽ സ്റ്റാമിന്റെ ഭവനത്തിന്റെ നായകനായിരുന്നു. ജോണിന്റെ അപ്പൻ, പീറ്റർ സ്റ്റാം ഒരു സ്റ്റാൾ വാർട്ട് ക്രിസ്ത്യാനിയും സഭയിലെ ഒരു സജീവ പ്രവർത്തകനുമായിരുന്നു. കുടുംബത്തെ സഹായിക്കാനായി ഒരു ജോലി തനിക്കുണ്ടായിരുന്നു. അതെ, സമയം പാറ്റേഴ്സണിൽ സ്റ്റാർ ഓഫ് ഹോപ്പ് മിഷനും സ്ഥാപിച്ചു. സിറ്റിയിലുള്ള യഹൂദന്മാരുടെയിടയിലായിരുന്നു ആദ്യ പ്രവർത്തനം, പിന്നെ ജയിലുകളിലേക്കും അനാഥശാലകളിലേക്കും, ആശുപത്രികളിലേക്കും, ഫാക്ടറികളിലേക്കും തെരുവു പ്രസംഗങ്ങളിലേക്കും ആയി പ്രവർത്തനം വിശാലമാക്കി.

ജോണിന്റെ അമ്മ ഒരു നല്ല ക്രിസ്തീയ വനിതയായിരുന്നു. കർത്താവിന്റെ പാദങ്ങളിൽ ഇരിക്കാൻ ഒരുക്കമുള്ള ഒരു മറിയയും കർത്താവിനെ ശുശ്രൂഷ ചെയ്യുവാനൊരുക്കമുള്ള ഒരു മാർത്തയും ആയിരുന്നു. ഓരോ കുഞ്ഞ് ജനിക്കുമ്പോഴും അവരെ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു.

ക്രിസ്തീയ പശ്ചാത്തലത്തിലാണ് വളർന്നത് എങ്കിലും പതിനഞ്ചു വയസുവരെ തന്റെ ജീവിതത്തിൽ ഒരു മാനസാന്തരമുണ്ടായില്ല. കുടുംബക്കാരെല്ലാവരും സുവിശേഷ പ്രവർത്തനത്തിൽ മുഴുകിയിരുന്നു. ഒരാഴ്ച ഒരു കുരുടനായ സുവിശേഷകൻ ഒരു ദൈവമനുഷ്യൻ, അവരുടെ കൂട്ടായ്മയിലേക്ക് വന്നു. ആ സുവിശേഷകന്റെ ദൂതുകൾ ഒരു യൗവ്വനക്കാരനെ സ്പർശിക്കുന്നതായി തോന്നി. ആ യോഗങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയത്തെ ദൈവത്തിനായി സമർപ്പിച്ചു. ഒരു യഥാർത്ഥ വീണ്ടും ജനന അനുഭവം പ്രാപിച്ചു. ദൈവം തന്റെ കരം പിടിച്ചു യഥാർത്ഥ മാനസാന്തരത്തിലേക്ക് നടത്തി. ആ സമയം മുതൽ താൻ തന്റെ സ്വന്തമല്ലെന്നും ഗുരുവിന്റെ സേവയിൽ ജീവിക്കേണ്ടതാണെന്നും താൻ മനസിലാക്കി.

ആ സമയം ഒരു ബിസിനസ് സ്കൂളിന്റെ ചുമതല തനിക്കുണ്ടായിരുന്നു. ഒരു സ്ഥാപനത്തിൽ ടൈപ്പിസ്റ്റും ക്ലാർക്കുമായി ജോലി നോക്കിയിരുന്നു. വിവിധ ജോലികളിൽ താൻ ഏർപ്പെട്ടിരുന്നു. അതോടൊപ്പം തന്റെ പിതാവിന്റെ പ്രവർത്തനങ്ങൾ ക്കും സഹായിയായിരുന്നു. അതോടൊപ്പം ആഴ്ചയിൽ അഞ്ചോ ആറോ പ്രാവശ്യം തന്റെ കൂട്ടുകാരുമൊത്തു പാറ്റേഴ്സണിൽ പരസ്യ യോഗങ്ങൾ നടത്തിയിരുന്നു. ദൈവം ആ ദിവസങ്ങളിലെ യോഗങ്ങൾ മുഖാന്തിരം അനേക ആളുകളെ സന്ദർശിക്കാനിടയാക്കി. ഇക്കാലങ്ങളിൽ ദൈവത്തിന്റെ ആത്മാവിന്റെ ആലോചന താൻ മനസിലാക്കി.

ബറ്റിയുടെ ജീവിതത്തിലുണ്ടായ ദൈവപ്രവർത്തി

1906 ഫെബ്രുവരി 22-ാം തീയതി മിഷിഗണിലുള്ള ആൽബിയോൺ-ൽ എലിസബത്ത് ആൽഡൻസ്കോട്ട് ജനിച്ചു. അവിടെ അവളുടെ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ജോണും..... മിഷ്യനറിമാരും

പിതാവായ ചാർലസ് എണെസ്റ്റ് സ്കോട്ട് അവിടെ പ്രസ്ബിറ്റീരിയൻ സഭയുടെ പാസ്റ്റർ ആയിരുന്നു. ആറു മക്കളിൽ മൂത്തവളായിരുന്നു ബറ്റി. ബറ്റി ജീവിതത്തിലെ പ്രത്യേക അനുഭവമായിരുന്നു. പന്ത്രണ്ട് വയസുവരെ ബറ്റി അവളുടെ മാതാപിതാക്കളോടൊപ്പം ചൈനയിലെ റ്റിസിയാങ്റ്റോയിലായിരിന്നു. ആ കാലത്ത് ചൈനയിലുള്ള ആളുകളുടെ സ്നേഹവും കരുതലും അവർക്കു അനുഭവിപ്പാൻ ഇടയായി. ആ ദിവസങ്ങളിൽ അവരുടെ അത്ഭുതപ്പെടുത്തുന്ന കരുതലും സ്നേഹവും കർത്താവായ യേശുവിനെക്കുറിച്ചുള്ള അറിവും അവളുടെ ജീവിതത്തിലേക്ക് പകർന്നു നൽകി.

ബറ്റി മടങ്ങി അമേരിക്കയിലേക്ക് വന്നു, തന്റെ മാതാപിതാക്കൾ ചൈനയിൽ പാർത്തു, പെൻസിൽവാനിയയിലുള്ള വിൽസൻ കോളെജിൽ പഠിക്കുവാൻ ചേർന്നു. ഒരു വർഷത്തിനു ശേഷം ഒരു വേനൽക്കാലം ബൈബിൾ കോൺഫറൻസ് ന്യൂജഴ്സിയിലെ കെസ്വിക്കിൽ നടന്നു, ആ കോൺഫറൻസിൽ വച്ച് അവളുടെ ഹൃദയം പൂർണ്ണമായി ക്രിസ്തുവിന് സമർപ്പിച്ചു. തന്റെ മാതാപിതാക്കളുമായി അവൻ ഇങ്ങനെ എഴുതി, “ദൈവം എനിക്കു വേണ്ടി കരുതി വച്ചിരിക്കുന്നത് എന്ത് എന്ന് എനിക്കറിയില്ല... പകൽ വെളിച്ചം പോലെ എന്നോടിടപെട്ട ദൈവത്തിന്റെ മുന്നിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുവാനിടയായി. അവിടുത്തെ വഴികളിൽ ജീവിക്കുവാനും, അവിടുത്തെ സ്നേഹത്തിനും നടത്തിപ്പിനുമായി എന്നെത്തന്നെ സമർപ്പിക്കുന്നു. ആ കോൺ ഫറൻസിൽ അവൾ എടുത്ത തീരുമാനം എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. അവളുടെ ജീവിതത്തിൽ ദൈവത്തിന്റെ മുൻ നിർണ്ണയം പോലെ അധികം താമസിയാതെ ചൈനയിലേക്കുള്ള ദൈവവിളി അവൾക്കുണ്ടായി. അവൾ ചൈനയിൽ വേല ചെയ്യുവാൻ ഒരുങ്ങുകയായിരുന്നു., അവൾ സ്വന്തം ആളുകളെപ്പോലെ സ്നേഹിച്ച ജനത്തിന് കൊടുപ്പാനുള്ള രക്ഷയുടെ ദൂതുകൾ അവളുടെ പക്കൽ ദൈവം നൽകി.

വിൽസൻ കോളെജിലെ ഗ്രാഡുവേഷനുശേഷം, തന്റെ വിളിക്കിനുസരിച്ചുള്ള ഒരുക്കത്തിനായി മൂഡി ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ അവൾ ചേർന്നു. അവിടെ വച്ചാണ് അവൾ ജോൺ സ്റ്റാമിനെ ആദ്യമായി കണ്ടത്.

മൂഡി ഇൻസ്റ്റിട്യൂട്ടിലെ പഠനം

1929 സെപ്റ്റംബറിൽ ഏറിയ നാളത്തെ ഗൗരവതരമായ പ്രാർത്ഥനയ്ക്കു ശേഷം ജോണിന് മൂഡി ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ ചേരുവാനുള്ള വഴി തുറുന്നു. വിദ്യാർത്ഥികളുടെ നനാവിധമായ പരിപാടികളിലും സ്കൂളിന്റെ കീഴിൽ നടക്കുന്ന ക്രിസ്തീയ പ്രവർത്തനങ്ങളിലും ഒരു ഭാഗം താൻ വരിച്ചു. മിഷ്യനറി യൂണിയന്റെ കമ്മിറ്റിയിലും താൻ പ്രവർത്തിച്ചു, അതിൽ ബറ്റിയും ഉൾപ്പെട്ടിരുന്നു. ഇവിടെ രണ്ട് യുവ വിദ്യാർത്ഥികൾ ചൈനയിൽ മിഷ്യനറി വേലക്കു പോകുവാൻ തയ്യാറായി. ഇതിന് അല്പം മുമ്പ് ഐസക്കും ഭാര്യയും അവരുടെ വീട്ടിൽ വച്ച് ചൈന ഇൻലാൽഡ് മിഷനെക്കുറിച്ച് സംസാരിക്കുമ്പോൾ, ജോൺ അതിൽ താല്പര്യം കാണിച്ചിരുന്നു, ചൈനയിലേക്ക് പോകുവാനും സുവിശേഷത്തെക്കുറിച്ചും അതിന്റെ രക്ഷിക്കുന്ന ശക്തിയെക്കുറിച്ചും അതറിയിക്കുവാനുള്ള ശക്തിയെക്കുറിച്ചും നിയോഗം പ്രാപിച്ചിരുന്നു.

ചൈനാ ഇൻലാഡ് മിഷൻ ആ സമയം അതായത് 1929 -ൽ 200 പുതിയ പ്രവർത്തകർക്കായി ഒരു വിളിയുണ്ടായി. ബറ്റി ഈ സമയം സുവിശേഷീകരണത്തിന് പറ്റിയ ചൈനയിലെ പ്രദേശങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് കൊടുക്കുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തു. 1931-ശരത് കാലത്ത് അവൾ ചൈനയിലേക്ക് യാത്രയായി.

എന്നാൽ ഒറ്റക്കല്ല, ജോണും ബറ്റിയും വിവാഹിതരാകുവാൻ ധാരണയുണ്ടാക്കിയിരുന്നു. ഒരു ചെറിയ സമയത്തിനു ശേഷം ജോൺ ചൈനയിലേക്ക് പോയി. ഇത് ദൈവത്തിന്റെ ഇഷ്ടപ്രകാരമായിരിക്കാം. 1932- വസന്തകാലത്ത് ജോൺ മൂഡി ബൈബിൾ ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഗ്രാജ്വേറ്റ് ചെയ്തു. ബറ്റി ഗ്രാജുവേറ്റ് ചെയ്തതിന്റെ അടുത്ത വർഷം. അദ്ദേഹമായിരുന്നു ഗ്രാജുവേഷൻ പ്രസംഗികൻ. വിലാപങ്ങൾ 3:22,23 വാക്യങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു പ്രസംഗിച്ചത്. “നാം മുടിഞ്ഞു പോകാതിരിക്കുന്നത് യഹോവയുടെ ദയയാകുന്നു, അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ. അത് രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു”.

ബറ്റി ചൈനയിലേക്ക് പോയത് അവർക്ക് പിരിഞ്ഞിരിപ്പാൻ കഴിയാത്ത പ്രയാസമായിരുന്നു. എന്നാൽ ഇത് ദൈവത്തിന്റെ ഹിതമാണ് എന്നവർ കരുതി. അവർ പൂർണ്ണമായി തങ്ങളെത്തന്നെ പൂർണ്ണമായി കർത്താവ് സമർപ്പിച്ചു. തങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലാണ് എന്ന ഉറപ്പ് അവർക്കുണ്ടായിരുന്നു.

1932 സെപ്തംബറിൽ ചൈന ഇൻലാൻഡ് മിഷന്റെ നേതൃത്വത്തിൽ ജോൺ ഷാൻഹായിലേക്ക് യാത്രയായി. ആ സമയം ബറ്റി ഒരു ചികിത്സയോടുള്ള ബന്ധത്തിൽ ഷാൻഹായിലുണ്ടായിരുന്നു. ഇത് അപ്രതീക്ഷിത കണ്ടുമുട്ടൽ ആയിരുന്നു, എന്നാൽ ഇത് ദൈവത്തിന്റെ പരിപാടിയായിരുന്നു, അവരുടെ ജീവിതം തമ്മിൽ യോജിക്കേണ്ടതും ഒരുമിച്ച് വേല ചെയ്യേണ്ടതും ദൈവത്തിന്റെ പദ്ധതിയായിരുന്നു. വീണ്ടും പിരിഞ്ഞു ജീവിക്കേണ്ടതായ കാര്യമുണ്ടായി. തന്റെ ഭാഷാ പഠനത്തോടുള്ള ബന്ധത്തിൽ, എന്നാൽ 1933 ഒക്ടോബർ മാസം 25-ാം തീയതി ബറ്റിയുടെ മാതാപിതാക്കളുടെ വീട്ടിൽ വച്ച് അവർ വിവാഹിതരായി. ചൈനക്കാരും വിദേശികളും സന്നിഹിതരായിരുന്നു. പാസ്റ്റർ റൂബൻ റ്റോറിയും സംബന്ധിച്ചിരുന്നു. അങ്ങനെ കർത്താവിനായി സമർപ്പിക്കപ്പെട്ട അവർ വിവാഹിതരായി. ❖

ഈ ലേഖനത്തെക്കുറിച്ച്

ക്രിസ്തുവിന്റെ ആളത്വവും ശുശ്രൂഷയുമാണ് ഈ ലേഖനത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. ഞങ്ങൾ ചെയ്യുന്ന ഈ ശുശ്രൂഷയിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത് ഇതിലെ ഓരോ വചനങ്ങളും നിങ്ങളെ ധൈര്യപ്പടുത്തുകയും കൂടുതൽ സമയം ദൈവത്തിലും അവിടുത്തെ വചനത്തിലും ചെലവഴിച്ച് കർത്താവിന്റെ വരവിനായി ഒരുക്കത്തോടെ നോക്കിപ്പാർക്കുകയും ചെയ്യുക! നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങൾക്കെഴുതുക!

ആഗമനദൂതൻ